"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 11-06-2020

## സർക്കുലർ നം 54

ജാപ്പനീസ് പരിസ്ഥിതി ശാസ്ത്രജ്ഞനായ 'അകിരാ മിയാവാക്കി' ആഗോളതലത്തിൽ ആവിഷ്കരിച്ച് വനവത്കരണ പദ്ധതിയാണ്" മിയാവാക്കി വനങ്ങൾ " ചെറു പ്രദേശങ്ങളിൽ സ്വാഭാവിക വനങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ പാരിസ്ഥിതിക സംതുലനത്തിന് സഹായിക്കുകയും ഹരിത ഗൃഹ വാതകങ്ങൾ മൂലമുള്ള ആഗോള താപനത്തിനെതിരെയുള്ള ചെറുത്തു നിൽപ്പിനായുള്ള മനുഷ്യ പ്രയത്നത്തിൽ പങ്കാളികളാകുകയുമാണ് ഉദ്ദേശ്യം. പ്രദേശികമായി വളരുന്നതും തൈകളുടേയും ലഭ്യത ഉറപ്പുള്ളതുമായ മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവ കണ്ടെത്തി ചുരുങ്ങിയത് അര സെൻ്റ് സ്ഥലത്ത് വച്ചു പടിപ്പിക്കുന്നതിലൂടെയും അവ 3 വർഷത്തേക്ക് സംരക്ഷിക്കുന്നതിലൂടെയും ഇത്തരത്തിലുള്ള "മിയാവാക്കി വനങ്ങൾ" സൃഷ്ടിക്കാം. ഇത്തരത്തിൽ ഉള്ള വനങ്ങൾ സാധാരണയിൽ നിന്നും പത്തിരട്ടി വേഗത്തിൽ വളരുകയും 3 ഇരട്ടി നിബിഡത ആർജ്ജിക്കുകയും ചെയ്യും. അന്തരീക്ഷത്തിലെ അധിക കാർബൺ ആഗീരണം ചെയ്ത് കാർബൺ കലവറയായി ഇവ വർത്തിക്കുന്നതിലൂടെ പ്രാദേശിക ജൈവ വൈവിദ്ധ്യ സംരക്ഷണം ഉറപ്പുവരുത്താനും കഴിയുന്നതാണ്. 2019 ജൂൺ 5- തീയതിയിലെ പാരിസ്ഥിതിക ദിനത്തിൽ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി, ഹരിതകേരളം മിഷൻറെ ഭാഗമായി ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് " പച്ചത്തുരുത്ത് '' എന്ന പേരു നൽകുകയും കഴിയുന്നത്ര തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പൊതു സ്ഥലങ്ങളിലും തനതായ വൃക്ഷങ്ങളും തദ്ദേശിയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവ വൈവിദ്ധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ആഗോള തലത്തിൽ തന്നെ നടക്കുന്ന ഇത്തരം പാരിസ്ഥിതിക പരിശ്രമങ്ങൾ മാതൃകാപരമായി സംഘടിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ രാഷ്ട്രപിതാവിൻറെ 150-ാം ജന്മ വാർഷികവുമായ ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കണമെന്ന് എല്ലാ ജയിൽ ,സൂപ്രണ്ടുമാർക്കും നിർദേശം നൽകിയിരുന്നുവെങ്കിലും അവ പ്രാവർത്തികമാക്കാൻ ചുരുക്കം ചില സ്ഥാപനങ്ങൾ മാത്രമാണ് പരിശ്രമിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ ജയിൽ 20 സെൻ്റ് സ്ഥലത്ത് ഇത്തരത്തിൽ ഒരു "മിയാവാക്കി വനം" ഗാന്ധി സ്മൃതി വനം എന്ന പേരിൽ സ്ഥാപിച്ചു. ഒപ്പം ജല സംരക്ഷണം മുൻനിർത്തി ഒരു തുറന്ന കിണർ നിർമ്മിക്കുകയും ചെയ്തു.

2020 ജൂൺ 5 ലെ പാരിസ്ഥിതിക ദിനത്തിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിൻറെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ടും എല്ലാ സ്ഥാപനങ്ങളും പങ്കാളികളാകണമെന്ന് നിർദ്ദേശിച്ച് കൊണ്ടും ഒരു സർക്കുലർ വിതരണം ചെയ്തിരുന്നു.

തുറന്ന ജയിലുകൾ, സെൻട്രൽ ജയിലുകൾ, വനിതാ ജയിലുകൾ സ്ഥലസൌകര്യമുള്ള ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകൾ എന്നീ സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞത് 20 അടി X 20 അടി സമചതുരം സ്ഥലം പ്രത്യേകം നിർണ്ണയിച്ച് പ്രാദേശികമായി ലഭ്യമാകുന്ന മരങ്ങൾ/ ചെടികൾ/ഔഷധ സസ്യങ്ങൾ അകല നിഷ്കർഷയില്ലാതെ വച്ച് പിടിപ്പിച്ചും മണ്ണ്

പരിശോധനയിലൂടെയും ബയോമാസ് നിർണ്ണയിക്കുന്നതിലൂടെയും  അത് സ്വാഭാവികമായി വളരാനുള്ള അടിസ്ഥാന വള പ്രയോഗം നടത്തിയും 3 വർഷത്തേക്ക് സംരക്ഷിക്കാൻ പദ്ധതിയിട്ടും “ഗാന്ധി സ്മൃതി” വനങ്ങൾ സ്ഥാപിക്കണമെന്ന്  നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജൂലൈ മാസം- 10 നുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്:  എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് :  ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല